**File No.SJD/3056/2020-C3**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :13/05/2021
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - കീഴ് കാര്യാലയങ്ങളിൽ 2020-21 സാമ്പത്തിക വർഷത്തിൽ വാടകക്കെടുത്ത കരാർ വാഹനങ്ങളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1.പത്തനംതിട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 5/6/2021 തീയതിയിലെ P1-798/2021 നമ്പർ കത്ത്
2.സാമൂഹ്യനീതി ഡയറക്ടറുടെ 22/3/2021 തീയതിയിലെ SJD/3056/2020 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിലെ സ്വന്തമായി വാഹനമില്ലാത്ത കീഴ് കാര്യാലയങ്ങളിൽ ഉപയോഗിച്ചു വരുന്ന 2020-21 വർഷത്തെ കരാർ വാഹനങ്ങൾ നിലവിലെ നിരക്കിലും നിബന്ധനകൾക്കും വിധേയമായി 31/05/2021 വരെ ഉപയോഗിക്കുവാനും 2021-22 വർഷത്തിൽ കരാർ വാഹനങ്ങൾ വാടകക്കെടുക്കേണ്ട കീഴ് കാര്യാലയങ്ങൾ സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പിൻവലിക്കുന്ന മുറക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകക്ക് എടുത്തുപയോഗിക്കുന്നതിനു വേണ്ടി ടെൻഡർ നടപടികൾ പൂർത്തിയാക്കി അംഗീകാരം തേടുന്നതിനും പരാമർശം 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കൊവിഡ് 19 തീവ്ര വ്യാപനത്തിൻറെ പ്രത്യേക സാഹചര്യത്തിൽ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും കാൾ സെന്ററിന്റെ പ്രവർത്തനം ഉൾപ്പെടെയുള്ള അടിയന്തിര ഔദ്യോഗിക കൃത്യനിർവഹണങ്ങൾക്ക് വാഹനം അനിവാര്യമായതിനാൽ പുതിയ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് അംഗീകാരം ലഭിക്കുന്നത് വരെ നിലവിലെ കരാർ വാഹനം തുടർന്നും ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകണം എന്ന് സൂചന 1 പ്രകാരം പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ കീഴ് കാര്യാലയങ്ങളിൽ ഉപയോഗിച്ചു വരുന്ന 2020-21 സാമ്പത്തിക വർഷത്തെ കരാർ വാഹനങ്ങൾ നിലവിലെ നിരക്കിലും നിബന്ധനകൾക്കും വിധേയമായി തുടർന്നും 30/06/2021 വരെ ഉപയോഗിക്കാവുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ കരാർ വാഹനങ്ങൾ വാടകക്കെടുക്കേണ്ട കീഴ് കാര്യാലയങ്ങൾ 30/06/2021 ന് മുൻപായി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**